ഉത്തരം

(എ, ബി ആന്റ് സി) വിവരം ശേഖരിച്ചു വരുന്നു.

ആലപ്പുഴ ഗ്രാമവികസനവകുപ്പിലെ എൽ.ഡി. ക്ളർക്കുമാരുടെ ഒഴിവുകൾ

189 [1665] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഗ്രാമവികസന വകുപ്പ് ആഫീസുകളിൽ നിലവിൽ എൽ.ഡി. ക്ളർക്കിന്റെ എത്ര ഒഴിവുകളുണ്ട്;

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്ന് ഒഴിവുകൾ ഉണ്ട്.

(ബി) പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ നടപടി

190[T1666] ശ്രീ. സി. കെ. നാണു:
ഡോ എ. നീലലോഹിത ദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്യരേഖയ്ക്ക് താഴെ ജീവിക്കുന്നവർക്ക് അനുവദനീയമായ ഭക്ഷ്യസാധനങ്ങൾ വാങ്ങാൻ വരുമാനം ലഭിക്കുന്നതിനുള്ള തൊഴിൽ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രധാനമായി രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഗ്രാമവികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്നത്. ഇവയിൽ സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗ്രാമീണരെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് അവർക്കാവശ്യമായ പരിശീലനം സാങ്കേതിക പരിജ്ഞാനം അടിസ്ഥാന സൗകര്യങ്ങളും വിപണന സൗകര്യങ്ങളും ലഭ്യമാക്കി സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള പദ്ധതികൾക്ക് ബാങ്ക് വായ്പയും സബ്സിഡിയും നൽകി വരുമാന വർദ്ധനവ് ഉണ്ടാകത്തക്ക വിധത്തിലുള്ള വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. വ്യക്തിഗത ഗുണഭോക്താക്കൾക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായം നൽകി വരുന്നുണ്ട്.

സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ) പദ്ധതി അനുസരിച്ച് ഗ്രാമീണ മേഖലകളിലെ പാവപ്പെട്ടവരായ ആൾക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഭക്ഷ്യസുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുമായി ത്രിതല പഞ്ചായത്തുകൾ മുഖേന പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതുമൂലം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം സ്ഥായിയായ സാമൂഹ്യ സാമ്പത്തിക ആസ്തികളും ഗ്രാമീണ മേഖലകളിൽ സൃഷ്ടിക്കപ്പെടുന്നുണ്ട്.

പ്രധാനമന്ത്രിയുടെ സടക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയ സംസ്ഥാന പദ്ധതികൾ

191 [1867] ശ്രീ. വി. കെ. ചന്ദ്രൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. രാധാകൃഷ്ണൻ:
ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ സടക് യോജന പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ ഇതുവരെ കേന്ദ്ര സർക്കാർ എന്ത് തുക സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly